വിവിധതലത്തിലുള്ള മിഷൻ പ്രവർത്തനങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടേയും സന്നദ്ധ സംഘടനകളുടേയും പൊതുപ്രവർത്തകരുടേയും സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു.

(ഡി) മിഷനുകളുടെ ഭാഗമായി പൊതുപദ്ധതികൾ രൂപപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഇവയ്ക്കുവേണ്ടിവരുന്ന സാങ്കേതികവിദ്യയും സാങ്കേതിക സഹായവും ആവശ്യാനുസരണം ലഭിക്കുന്നതിന് മിഷനുകളുടെ സഹായം ലഭ്യമാക്കുന്നതാണ്.

## അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം

26 (*476) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തി കണ്ടെത്തുന്ന ഒഴിവുകൾ പട്ടികതിരിച്ച് പ്രസ്തുത സെല്ലിൽ സൂക്ഷിക്കാത്ത സ്ഥിതിയിൽ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ചവരുത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ എന്ത് സംവിധാനമാണ് പ്രസ്തുത സെല്ലിന് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെൽ കൃത്യമായ കണക്ക് സൂക്ഷിക്കാതെ എങ്ങനെയാണ് തുടർനടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കണക്ക് സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം അതത് വകുപ്പുകൾക്ക് നൽകുന്നത് ഏത് വിധത്തിലാണ്; വാക്കാലുള്ള നിർദ്ദേശമാണോ അതോ കത്ത് മുഖേനയോ എന്ന് വ്യക്തമാക്കുമോ;

(ഡി) കത്ത് മുഖേനയെങ്കിൽ 2016 ജനുവരി മുതൽ ഇത്തരത്തിൽ നൽകിയ കത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ; വാക്കാലുള്ള നിർദ്ദേശമാണെങ്കിൽ സർക്കാർ സംവിധാനത്തിൽ അത്തരം നിർദ്ദേശങ്ങളുടെ സാധുത എത്രയെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) നിലവിൽ പട്ടികതിരിച്ച് വിശദാംശങ്ങൾ സൂക്ഷിക്കുന്നുണ്ട്. 2016 ഡിസംബർ മാസത്തിൽ നടത്തിയ 'ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്യാമ്പയിൻ മുതലാണ് വിപുലമായ രീതിയിൽ ഒഴിവുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി 2016 ഡിസംബർ 31-ന് കാലാവധി പൂർത്തിയായ പി.എസ്.സി. റാങ്ക് പട്ടികകൾക്ക് പ്രാധാന്യം നൽകി പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള വിവിധ ജില്ലാ ഓഫീസുകളിലും ഡയറക്ടറേറ്റുകളിലുമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ 2394 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകൾ സംബന്ധിച്ച് വകുപ്പ്, തസ്തിക, ഓഫീസ് തിരിച്ചുള്ള പട്ടിക അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ സൂക്ഷിച്ചിട്ടുണ്ട്. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ നിശ്ചിത പ്രൊഫോർമയിലാണ് ശേഖരിക്കാറുള്ളത്. കണ്ടെത്തിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം പ്രത്യേകമായി പരിഗണിച്ച് വകുപ്പ് മേധാവികൾക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കർശന നിർദ്ദേശം നൽകുന്നതാണ്.

(സി & ഡി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും സമയബന്ധിതമായി റിപ്പോർട്ടുചെയ്യുന്നതിനായി കാലാകാലങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും പരിപത്രം മുഖേന നിർദ്ദേശം നൽകിവരാറുണ്ട്. 2016 ജനുവരി മുതൽ ഇത്തരത്തിൽ പുറപ്പെടുവിച്ച പരിപത്രങ്ങളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി VARAM (Vacancy Arising Reporting and Monitoring System) എന്ന പേരിൽ സർക്കാർ ഒരു പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം**

27 (*477) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ് .പി. :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്